# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 565   02/12/2014- ലെ മറുപടിക്ക്

### കേന്ദ്രമൂല്യ വർദ്ധിത നിയമം

| ചോദ്യം<br>ശ്രീ.വി.ചെന്താമരാക്ഷൻ | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തിന് പുറത്തുനിന്നും സാധനങ്ങൾ കൊണ്ടുവരുന്ന കോൺട്രാക്ടർമാരെ കേന്ദ്ര മൂല്യ വർദ്ധിത നിയമം 6(2) പ്രകാരം ഒഴിവാക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്താമോ, ഇത് വഴി എത്ര തുകയുടെ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ, വിശദമാക്കാമോ.? | (എ) | കേന്ദ്ര വിൽപനനികുതി നിയമപ്രകാരം രജിസ്ട്രേഷനുള്ള കരാറുകാരുടെ 2013-14 ലെ കോമ്പൗണ്ടിംഗ് നികുതിനിരക്ക് പുറമേ നിന്നും കൊണ്ടുവരുന്ന സാധനങ്ങൾക്ക്, വാങ്ങൽവിലയിൽ ഷെഡ്യൂൾ നിരക്കും മൊത്തം കരാർ തുകയിൽ നിന്നും ഈ വാങ്ങൽ വില തട്ടിക്കഴിച്ച് ബാക്കി തുകയ്ക്ക് 3% നികുതിയുമായിരുന്നു.<br><br>കരാർപണിക്കാരുടെ 2013-14-ൽ നിലവിലുണ്ടായിരുന്ന കോമ്പൗണ്ടഡ് നികുതി ഘടനയിൽ നികുതിചോർച്ചയ്ക്കുള്ള പഴുതുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കേരള ധനകാര്യനിയമം 2014-ൽ ഭേദഗതി വരുത്തുകയുണ്ടായി. ഇതനുസരിച്ച് സംസ്ഥാനത്തിന് പുറത്തുനിന്നും സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നവരോ കേന്ദ്രവിൽപന നികുതി നിയമത്തിൻ കീഴിൽ രജിസ്ട്രേഷനുള്ളവരോ സംസ്ഥാനത്ത് ചരക്കുകൾ കൊണ്ടുവരുമ്പോൾ മൊത്തം കരാർതുകയുടെ 6 ശതമാനം കോമ്പൗണ്ടഡ് നികുതിയും കൂടാതെ രജിസ്ട്രേഷനില്ലാത്ത വ്യാപാരികളിൽ നിന്നും വാങ്ങുന്ന നിർമ്മാണവസ്തുക്കൾക്ക് കേരള മൂല്യവർദ്ധിതനികുതി നിയമത്തിലെ വകുപ്പ് 6(2) പ്രകാരമുള്ള വാങ്ങൽനികുതിയും നൽകേണ്ടതാണെന്ന് നിഷ്കർഷിക്കുകയുണ്ടായി. ഗവണ്മെന്റ് കരാറുകാരുടെ കോമ്പൗണ്ടഡ് നികുതി 4 ശതമാനമായും മറ്റുള്ളവർക്ക് 3 ശതമാനമായും നിശ്ചയിക്കുകയുണ്ടായി. |

| | | | | |
|---|---|---|---|---|
| | | | | ധനകാര്യനിയമത്തിൽ കൊണ്ടുവന്ന ഭേദഗതിയെത്തുടർന്ന് ഓരോ പ്രാവശ്യവും ബാദ്ധ്യതാ സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് നികുതിനിർണ്ണയാധികാരി മുമ്പാകെ ഹാജരായി വാങ്ങൽനികുതി കണക്കാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടും മണ്ണ്, മണൽ, പാറ എന്നിവ വാങ്ങുമ്പോൾ ബില്ല് ലഭിക്കാത്ത ബുദ്ധിമുട്ടും കരാർ പണിക്കാർ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി.<br><br>ഇതേത്തുടർന്ന് നികുതി വരുമാനത്തിൽ നഷ്ടമുണ്ടാകാത്ത വിധത്തിൽ കോമ്പൗണ്ടിംഗ് നിരക്കിൽ ഒരു ശതമാനം വീതം വർദ്ധനവ് വരുത്തുകയും വകുപ്പ് 6(2) പ്രകാരമുള്ള വാങ്ങൽനികുതി നൽകണമെന്ന വ്യവസ്ഥ പിൻവലിക്കുകയും ചെയ്തുകൊണ്ട് കരാർപണിക്കാരുടെ കോമ്പൗണ്ടിംഗ് ഘടനയിൽ പുനഃക്രമീകരണം നടത്തി. ഇതനുസരിച്ച് 6 ശതമാനം നിരക്ക് 7% ആയും, 4 എന്നത് 5% ആയും 3% എന്നത് 4 ശതമാനമായും വർദ്ധിപ്പിക്കുകയുണ്ടായി. ഇത് റവന്യൂ ന്യൂട്രൽ റേറ്റ് ആണെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആയതിനാൽ റവന്യൂ നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയില്ല. |

സെക്ഷൻ ഓഫീസർ